✎ ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1044

# സൂറ – 33 / അൽ അഹ്സാബ്

## സൂക്തം: 56 – 57

പ്രവാചകനെ അനുസ്മരിക്കുമ്പോൾ സ്വലാത്തും സലാമും ചൊല്ലുന്നതിൽ സുപ്രധാനമായ ചില പൊരുളുകൾ അടങ്ങിയിരിക്കുന്നുവെന്നത് പ്രത്യേകം മനസ്സിലാക്കേണ്ടതാണ്. അതു മനസ്സിലാക്കാത്തവരുടെ മനസ്സിൽ പ്രവാചകനാമം ഒരു ചലനവുമുണ്ടാക്കുകയില്ല. പ്രവാചകൻ അനുസ്മരിക്കപ്പെടുമ്പോഴൊക്കെ സ്വലാത്ത് ചൊല്ലുന്നത് അവർക്ക് അരോചകമായി തോന്നുകയും ചെയ്യും.

إِنَّ ٱللَّهَ وَمَلَٰٓئِكَتَهُۥ يُصَلُّونَ عَلَى ٱلنَّبِيِّۚ يَٰٓأَيُّهَا ٱلَّذِينَ
ءَامَنُواْ صَلُّواْ عَلَيْهِ وَسَلِّمُواْ تَسْلِيمًا ﴿٥٦﴾

56. അല്ലാഹുവും അവന്റെ മലക്കുകളും പ്രവാചകന്റെ പേരിൽ സ്വലാത്ത് ചെയ്യുന്നുണ്ട്. സത്യവിശ്വാസികളായവരേ, നിങ്ങളും അദ്ദേഹത്തിന് സ്വലാത്തും ധാരാളമായി സലാമും ചെയ്യുവിൻ.

**56**

إِنَّ اللَّهَ = തീർച്ചയായും അല്ലാഹു وَمَلَائِكَتَهُ = അവന്റെ മലക്കുകളും
يُصَلُّونَ = അവർ സ്വലാത്ത് ചെയ്യുന്നുണ്ട്, ചൊല്ലുന്നുണ്ട്
عَلَى النَّبِيِّ = പ്രവാചകന്റെ (പേരിൽ) മേൽ يَا أَيُّهَا الَّذِينَ آمَنُوا = സത്യവിശ്വാസികളായവരേ
صَلُّوا عَلَيْهِ = നിങ്ങൾ(ളും) അദ്ദേഹത്തി(നു)ന്റെ മേൽ സ്വലാത്ത് ചെയ്യുവിൻ, ചൊല്ലുവിൻ
وَسَلِّمُوا = നിങ്ങൾ സലാമും ചെയ്യുവിൻ, ചൊല്ലുവിൻ تَسْلِيمًا = ഒരു സലാം ചെയ്യൽ (ധാരാളമായി)

വിശ്വാസികൾ പ്രവാചകനോട് സ്വീകരിക്കേണ്ട സമീപനം എന്താണെന്ന് വ്യക്തമാക്കുകയാണ്. അല്ലാഹു മംഗളമാശംസിക്കുകയും അനുഗ്രഹം ചൊരിഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്ന മഹനീയ വ്യക്തിത്വമാണ് അന്ത്യപ്രവാചകൻ. അല്ലാഹുവിന്റെ മലക്കുകളും അദ്ദേഹത്തിന് ദൈവാനുഗ്രഹം ലഭിച്ചുകൊണ്ടിരിക്കാൻ പ്രാർഥിക്കുന്നുണ്ട്. അദ്ദേഹത്തെ ബുദ്ധിമുട്ടിക്കുകയും ശല്യപ്പെടുത്തുകയും ചെയ്യുന്ന യാതൊന്നും സത്യവിശ്വാസികളിൽനിന്നുണ്ടായിക്കൂടാ. പകരം അല്ലാഹുവിനോടും മലക്കുകളോടും സമരസപ്പെട്ടുകൊണ്ട് അദ്ദേഹത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും അല്ലാഹുവിങ്കൽനിന്നുള്ള അനുഗ്രഹങ്ങളും രക്ഷയും സമാധാനവും അദ്ദേഹത്തിനു നിരന്തരം ലഭിച്ചുകൊണ്ടിരിക്കട്ടെ എന്നു പ്രാർഥിക്കുകയുമാണ് ചെയ്യേണ്ടത്. അല്ലാഹുവിങ്കൽനിന്ന് സൃഷ്ടികൾക്കുള്ള സ്വലാത്തും സൃഷ്ടികളിൽനിന്ന് സൃഷ്ടികൾക്കുള്ള സ്വലാത്തും തമ്മിലുള്ള വ്യത്യാസം നേരത്തേ 44-ാം സൂക്തത്തിനു താഴെ വ്യക്തമാക്കിയിരിക്കുന്നു.

പ്രവാചകനെ അനുസ്മരിക്കുമ്പോൾ സ്വലാത്തും സലാമും ചൊല്ലുന്നതിൽ സുപ്രധാനമായ ചില പൊരുളുകൾ അടങ്ങിയിരിക്കുന്നുവെന്നത് പ്രത്യേകം മനസ്സിലാക്കേണ്ടതാണ്. അതു മനസ്സിലാക്കാത്തവരുടെ മനസ്സിൽ പ്രവാചകനാമം ഒരു ചലനവുമുണ്ടാക്കുകയില്ല. പ്രവാചകൻ അനുസ്മരിക്കപ്പെടുമ്പോഴൊക്കെ സ്വലാത്ത് ചൊല്ലുന്നത് അവർക്ക് അരോചകമായി തോന്നുകയും ചെയ്യും.

1) പ്രവാചകൻ മൂലം നേട്ടമുണ്ടാകുന്നത് അല്ലാഹുവിനോ അവന്റെ മലക്കുകൾക്കോ അല്ല; പ്രവാചകനിൽ വിശ്വസിക്കുന്ന മനുഷ്യർക്കാണ്. അദ്ദേഹത്തിനു ലഭിക്കുന്ന അനുഗ്രഹങ്ങളും വിജയസൗഭാഗ്യങ്ങളും അദ്ദേഹത്തിന്റെ ഉമ്മത്തിനു ലഭിക്കുന്ന അനുഗ്രഹങ്ങളും വിജയസൗഭാഗ്യങ്ങളുമാകുന്നു.

2) റസൂലിന് സ്വലാത്തും സലാമും ചൊല്ലുന്നത് അദ്ദേഹത്തോട് കാണിക്കുന്ന ഒരൗദാര്യമല്ല; അല്ലാഹുവിനോടും അവന്റെ മലക്കുകളോടും ഐക്യപ്പെടലും, പുണ്യകരമായ ഇബാദത്തുമാണ്. അല്ലാഹുവിന്റെ ആശംസക്കും അനുഗ്രഹത്തിനും മലക്കുകളുടെ പ്രാർഥനക്കും ഭാജനമായ റസൂൽ തിരുമേനിക്ക് യഥാർഥത്തിൽ മറ്റാരുടെയും പ്രാർഥന ആവശ്യമില്ല. 3) കപടവിശ്വാസ(نفاق)മാകുന്ന രോഗമകറ്റുന്നതിനും ഈമാൻ ഭദ്രമാക്കുന്നതിനുമുള്ള കൈക്കണ്ട ഔഷധമാണ് പ്രവാചകനുള്ള നിരന്തരമായ സ്വലാത്തും സലാമും. 4) ഇവിടെ സ്വലാത്തും സലാമും ചൊല്ലുക എന്നു കൽപിച്ചതിന്റെ താൽപര്യം വല്ലപ്പോഴും അതു ചൊല്ലിയിരിക്കണമെന്നല്ല; ധാരാളമായി ചൊല്ലിക്കൊണ്ടിരിക്കണമെന്നാണ്. 'സല്ലിമൂ' എന്ന ക്രിയക്കുശേഷം അതിന്റെ ക്രിയാമൂല (مصدر) ആയ 'തസ്‌ലീമൻ' കൂടി ഉപയോഗിച്ചത് സലാം എന്ന ക്രിയയെ ശക്തിയായി ഊന്നുകയും അതിന്റെ വർധനവിനെ തേടുകയും ചെയ്യുന്നു.

മുഹമ്മദ് നബിയുടെ പേരിൽ മാത്രമേ സ്വലാത്തും സലാമും ചൊല്ലാൻ മുസ്‌ലിംകളോട് കൽപിച്ചിട്ടുള്ളൂ. പൂർവ പ്രവാചകന്മാർക്കു വേണ്ടിയൊന്നും കൽപിച്ചിട്ടില്ല. അതിനാൽ മുഹമ്മദ് നബിയുടെ പേരിൽ മാത്രമേ മുസ്‌ലിംകൾ സ്വലാത്ത് ചൊല്ലാവൂ എന്ന് ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. പക്ഷേ ഖുർആനും സുന്നത്തും ഈ അഭിപ്രായത്തെ പിന്തുണക്കുന്നില്ല. അല്ലാഹുവിന്റെ പരീക്ഷണങ്ങളെ ക്ഷമയോടെ തരണം ചെയ്യുന്ന നിഷ്കളങ്ക വിശ്വാസികളെക്കുറിച്ച് 2:157-ൽ പറയുന്നു: أُولَٰئِكَ عَلَيْهِمْ صَلَوَاتٌ مِّن رَّبِّهِمْ وَرَحْمَةٌ (അവർക്ക് അവരുടെ റബ്ബിങ്കൽനിന്ന് അനുഗ്രഹങ്ങളും -صَلَوَاتٌ- കാരുണ്യവും ലഭിക്കുന്നു.) 9:103-ൽ പറയുന്നു:
خُذْ مِنْ أَمْوَالِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِم بِهَا وَصَلِّ عَلَيْهِمْ إِنَّ صَلَاتَكَ سَكَنٌ لَّهُمْ
(അവരുടെ ധനത്തിൽനിന്ന് അവരെ ശുദ്ധീകരിക്കുകയും വളർത്തുകയും ചെയ്യുന്ന ദാനം വസൂൽ ചെയ്യുക. അവർക്കുവേണ്ടി സ്വലാത്ത് ചൊല്ലുക -പ്രാർഥിക്കുക. നിന്റെ സ്വലാത്ത് അവർക്ക് സമാധാനമാകുന്നു). നബി(സ) തന്റെ പല ശിഷ്യന്മാർക്കു വേണ്ടിയും അവരുടെ കുടുംബത്തിനു വേണ്ടിയുമൊക്കെ സ്വലാത്ത് ചൊല്ലിയിരുന്നതായി അനേകം നിവേദനങ്ങൾ ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. ഉദാ: അബൂ ഔഫാ എന്ന ശിഷ്യനുവേണ്ടി തിരുമേനി പ്രാർഥിച്ചു: اللهمّ صلّ على آل ابي اوفى (അല്ലാഹുവേ, അബൂഔഫാ കുടുംബത്തിന് അനുഗ്രഹം ചൊരിയേണമേ.) ഒരു സ്ത്രീ പ്രാർഥിക്കാനാവശ്യപ്പെട്ടപ്പോൾ തിരുമേനി ചൊല്ലി: اللهمّ صلّ عليك وعلى زوجك (അല്ലാഹു നിനക്കും നിന്റെ ഭർത്താവിനും അനുഗ്രഹം ചൊരിയട്ടെ).

എന്നാൽ സ്വലാത്തും സ്വലാമും മുഹമ്മദ് നബിയുടെ പേരിൽ മാത്രം ചൊല്ലുക എന്നതാണ് സമുദായത്തിന്റെ പൊതു സമ്പ്രദായം. അത് മുസ്‌ലിംകളുടെ ഒരു ദീനീചിഹ്നം (شعار) ആയിത്തീർന്നിട്ടുള്ളതിനാൽ മുഹമ്മദ് നബിയല്ലാത്തവരുടെ പേരിൽ സ്വലാത്തും സലാമും ചൊല്ലുന്നതു ഭൂഷണമല്ല എന്നാണ് പൊതുവായ നിലപാട്. സ്വല്ലല്ലാഹു അലാ മൂസാ എന്നോ അസ്സ്വലാത്തു വസ്സലാമു അലാ ഈസാ എന്നോ പറയാറില്ല. ഇതര പ്രവാചകന്മാരെ അനുസ്മരിക്കുമ്പോൾ സലാം (അലൈഹിസ്സലാം) മാത്രമേ ചൊല്ലാറുള്ളൂ. പുണ്യാത്മാക്കളായ സ്വഹാബികളെ അനുസ്മരിക്കുമ്പോൾ സ്വലാത്തിനും സലാമിനും പകരം തർളിയത്ത്(رضي الله عنه) ആണ് ചൊല്ലാറുള്ളത്. ഉദാ: عمر رضي الله عنه. പിൻഗാമികളായ മഹാന്മാരെ അനുസ്മരിക്കുമ്പോൾ رحمه الله എന്നാണ് പറയുക.

ഈ രൂപങ്ങൾ അല്ലാഹുവോ റസൂലോ നേരിട്ടു കൽപിച്ചതല്ല. മരിച്ചുപോയവരുടെ നന്മകൾ അനുസ്മരിക്കുകയും അവരെ ആദരിക്കുകയും അവർക്കു വേണ്ടി പ്രാർഥിക്കുകയും ചെയ്യണമെന്ന പ്രവാചകനിർദേശം പ്രാവർത്തികമാക്കാൻ പൂർവകാലം മുതലേ സമുദായം സ്വീകരിച്ച രീതിയാണിത്.

എന്നാൽ മുഹമ്മദ് നബിയുടെ പേരിൽ സ്വലാത്ത് ചൊല്ലാനുള്ള വചനങ്ങൾ പാഠഭേദങ്ങളോടെ പല ഹദീസുകളിലായി അദ്ദേഹം തന്നെ നിർദേശിച്ചു തന്നിരിക്കുന്നു. ഉദാ: നബി(സ) നിർദേശിച്ചതായി ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്ന സ്വലാത്ത്:

اللَّهُمَّ صَلِّ عَلَى مُحَمَّدٍ وَأَزْوَاجِهِ وَذُرِّيَّتِهِ، كَمَا صَلَّيْتَ عَلَى آلِ إِبْرَاهِيمَ، وَبَارِكْ عَلَى مُحَمَّدٍ وَأَزْوَاجِهِ وَذُرِّيَّتِهِ، كَمَا بَارَكْتَ عَلَى آلِ إِبْرَاهِيمَ، إِنَّكَ حَمِيدٌ مَجِيدٌ

മുസ്‌ലിമും അബൂദാവൂദും ഉദ്ധരിച്ചത്:

اللَّهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ وَبَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا بَارَكْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ فِي الْعَالَمِينَ إِنَّكَ حَمِيدٌ مَجِيدٌ

നസാഈ ഉദ്ധരിച്ചത്:

اللَّهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ وَبَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ وبَارَكْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ فِي الْعَالَمِينَ إِنَّكَ حَمِيدٌ مَجِيدٌ

ഇക്കൂട്ടത്തിൽ ഏതെങ്കിലുമൊന്നാണ് സാധാരണ നമസ്കാരത്തിന്റെ തശഹ്ഹുദിലും മയ്യിത്ത് നമസ്കാരത്തിലും ചൊല്ലാറുള്ളത്. ഈ നിവേദനങ്ങളിൽ സലാം പരാമർശിക്കുന്നില്ല. ഈ സൂക്തമാകട്ടെ 'സ്വലാത്തി'നോടൊപ്പം 'സലാമും' വ്യക്തമായി കൽപിച്ചിരിക്കുന്നു. അതുകൊണ്ട് പ്രവാചകൻ അനുസ്മരിക്കപ്പെടുന്ന സന്ദർഭങ്ങളിൽ രണ്ടും ചേർത്ത് وَالصَّلَاةَ وَالسَّلَامُ عَلَى مُحَمَّدٍ എന്നൊക്കെയാണ് 'സ്വലാത്ത്' ചൊല്ലാറുള്ളത്. തശഹ്ഹുദിൽ السّلام عليك ايّها النّبي എന്ന് സലാം വേറെ തന്നെ ചൊല്ലുന്നു.

'സലാമി'ന് രക്ഷ, സമാധാനം എന്നീ അർഥങ്ങൾക്കു പുറമെ സമർപ്പണം, സമ്മതം, വിധേയത്വം തുടങ്ങിയ അർഥങ്ങളുമുണ്ട്. പ്രകൃത സൂക്തത്തിലെ سَلِّمُوا تَسْلِيمًا എന്ന വാക്യം അദ്ദേഹത്തിന്റ രക്ഷക്കും സമാധാനത്തിനും പ്രാർഥിക്കുക എന്ന കൽപനക്കു പുറമെ നിങ്ങൾ അദ്ദേഹത്തിനു സമർപ്പിതരായി അദ്ദേഹം നൽകുന്ന വിധിവിലക്കുകൾ മനസ്സംതൃപ്തിയോടെ സ്വീകരിക്കുക എന്ന കൽപന കൂടി ഉൾക്കൊള്ളുന്നു. 4:65-ൽ ഇപ്രകാരം കാണാം:

فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا فِي أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا ﴿٦٥﴾

(ഇല്ല, നിന്റെ നാഥനാണ, അവർക്കിടയിലുണ്ടാകുന്ന തർക്കങ്ങളിൽ നിന്നെ വിധികർത്താവായി അംഗീകരിക്കുകയും എന്നിട്ട് നീ നൽകുന്ന വിധി മനഃപ്രയാസമേതുമില്ലാതെ പൂർണ സമ്മതത്തോടെ അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാകുന്നില്ല).

സ്വലാത്ത് ചൊല്ലുന്നതിന്റെ പുണ്യം പറയുന്ന നിവേദനങ്ങൾ ഏറെയുണ്ട്. ചില ഉദാഹരണങ്ങൾ: പ്രവാചകൻ പ്രസ്താവിച്ചതായി മുസ്‌ലിം ഉദ്ധരിക്കുന്നു: مَنْ صَلَّى عَلَيَّ وَاحِدَةً صَلَّى اللَّهُ عَلَيْهِ عَشْرًا (എനിക്കുവേണ്ടി ഒരുവട്ടം സ്വലാത്ത് ചൊല്ലുന്നവനെ അല്ലാഹു പത്തു വട്ടം അനുഗ്രഹിക്കു

ന്നു. തിർമിദി ഉദ്ധരിക്കുന്നു: أَوْلَى النَّاسِ بِي يَوْمَ الْقِيَامَةِ, أَكْثَرُهُمْ عَلَيَّ صَلَاةً (അന്ത്യനാളിൽ എനിക്ക് ഏറ്റം ഉറ്റവൻ എനിക്കുവേണ്ടി ഏറ്റവുമധികം സ്വലാത്ത് ചൊല്ലുന്നവനാകുന്നു). അഹ്മദും ഇബ്നുമാജയും ഉദ്ധരിക്കുന്നു:

من صلى على صلواة لَمْ تَزَلِ الْمَلَائِكَةُ تُصَلِّي عَلَيْهِ

(എനിക്കുവേണ്ടി സ്വലാത്ത് ചൊല്ലുന്നവൻ അതു ചൊല്ലിക്കൊണ്ടിരിക്കുമ്പോഴൊക്കെയും മലക്കുകൾ അവനുവേണ്ടിയും സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കും).

സ്വലാത്ത് ചൊല്ലുന്നതിന്റെ നിയമപരമായ അവസ്ഥയെക്കുറിച്ച് പൂർവ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായാന്തരങ്ങളുണ്ട്. ജീവിതത്തിൽ ഒരിക്കലെങ്കിലും നബിയുടെ പേരിൽ സ്വലാത്തും സലാമും ചൊല്ലേണ്ടത് നിർബന്ധമാണെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. صَلُّوا عَلَيْهِ وَسَلِّمُوا എന്ന കൽപന അതോടെ നിർവഹിക്കപ്പെട്ടിരിക്കുന്നു. മറ്റു സന്ദർഭങ്ങളിലെ സ്വലാത്തുകളെല്ലാം ഐഛികങ്ങളാണ്. നമസ്കാരത്തിലെ അവസാനത്തെ തശഹ്ഹുദിലും (നമസ്കാരത്തിൽനിന്ന് വിരമിക്കുന്നതിനു തൊട്ടുമുമ്പ് ഇരുന്നു കൊണ്ട് നടത്തുന്ന പ്രാർഥന) സ്വലാത്തും സലാമും നിർബന്ധമാണെന്ന് ശാഫിഈ മദ്ഹബ് അനുശാസിച്ചിരിക്കുന്നു. ആദ്യ തശഹ്ഹുദിൽ (രണ്ടു റക്അത്ത് കഴിഞ്ഞ ശേഷമുള്ളത്) അത് അഭികാമ്യവുമാകുന്നു. എന്നാൽ പ്രവാചകൻ അനുസ്മരിക്കപ്പെടുമ്പോഴൊക്കെ, അല്ലെങ്കിൽ ഒരു സഭയിൽ ഒരിക്കലെങ്കിലും അല്ലെങ്കിൽ ധാരാളമായി സ്വലാത്ത് ചൊല്ലിക്കൊണ്ടേയിരിക്കൽ നിർബന്ധമാകുന്നു എന്ന വാദത്തെ പിന്തുണക്കുന്ന പ്രമാണങ്ങളില്ല. സ്വലാത്തിനെ പ്രോത്സാഹിപ്പിക്കുന്ന നിവേദനങ്ങൾ മാത്രമാണവരുടെ അവലംബം. പ്രവാചകന്റെ ഖബ്ർ സന്ദർശിക്കുമ്പോഴും നമസ്കാരത്തിനുള്ള ബാങ്ക് കേൾക്കുമ്പോഴും മയ്യിത്ത് നമസ്കാരത്തിലും സ്വലാത്ത് ചൊല്ലാൻ ഉപദേശിക്കുന്ന നിവേദനങ്ങളുണ്ട്. വെള്ളിയാഴ്ചകളിൽ 'സ്വലാത്ത്' വർധിപ്പിക്കാനുപദേശിക്കുന്ന നിവേദനവുമുണ്ട്.

പ്രവാചകനെ അനുസ്മരിക്കുമ്പോഴൊക്കെ സ്വലാത്ത് ചൊല്ലുക എന്ന ചര്യയെ മാനിച്ചുകൊണ്ട് ഇസ്‌ലാമിക പണ്ഡിതന്മാർ അവരുടെ ഗ്രന്ഥങ്ങളിൽ പ്രവാചകനെ പരാമർശിക്കുമ്പോഴൊക്കെ صلى الله عليه وسلم എന്ന് ചേർത്തെഴുതാറുണ്ട്. ഇക്കാലത്ത് അതിന്റെ ചുരുക്കമായി (صلعم) എന്നും എഴുതി വരുന്നുണ്ട്. ഈ صلعم-ന്റെയും ചുരുക്കമാണ് മലയാള ഗ്രന്ഥങ്ങളിൽ പ്രവാചകനാമത്തോടൊപ്പം ബ്രാക്കറ്റിൽ ചേർക്കുന്ന (സ). എഴുത്തുകളിൽ ഇങ്ങനെ صلى الله عليه وسلم എന്നും (صلعم) എന്നും (സ) എന്നുമൊന്നും എഴുതിവെക്കേണ്ട കാര്യമില്ല എന്ന് അഭിപ്രായമുള്ളവരുമുണ്ട്. എഴുതുന്നവരും വായിക്കുന്നവരും പ്രവാചകനാമം പരാമർശിക്കുമ്പോൾ സ്വലാത്ത് സ്വയം ചൊല്ലുകയാണ് വേണ്ടത്, അതിനുവേണ്ടി മഷിയും കടലാസും ചെലവഴിക്കേണ്ടതില്ല എന്നാണവരുടെ നിലപാട്. മലയാളത്തിൽ പ്രവാചകനെ അനുസ്മരിക്കുമ്പോൾ (സ) എന്നെഴുതുന്നത് സ്വലാത്ത് ഓർമിപ്പിക്കാനാണെങ്കിലും ആളുകൾ അത് 'നബി സ' എന്നു വായിച്ചുപോവുകയാണ് പതിവ്. സ്വലാത്ത് കടലാസിൽ വരക്കുന്നതിലല്ല കാര്യം; നാവുകൊണ്ട് മൊഴിയുന്നതിലും അതിന്റെ അർഥം മനസ്സിൽ തെളിയുന്നതിലുമാണ്. ●

إِنَّ ٱلَّذِينَ يُؤْذُونَ ٱللَّهَ وَرَسُولَهُۥ لَعَنَهُمُ ٱللَّهُ فِى ٱلدُّنْيَا وَٱلْءَاخِرَةِ وَأَعَدَّ لَهُمْ عَذَابًا مُّهِينًا ﴿٥٧﴾

57. അല്ലാഹുവിനെയും അവന്റെ ദൂതനെയും ശല്യപ്പെടുത്തുന്നവരെ ഇഹത്തിലും പരത്തിലും അല്ലാഹു അഭിശപ്തരാക്കിയിരിക്കുന്നു. അവർക്കായി അപമാനകരമായ ശിക്ഷ ഒരുക്കിവെച്ചിട്ടുമുണ്ട്.

**57**

إِنَّ الَّذِينَ يُؤْذُونَ اللَّهَ وَرَسُولَهُ = അല്ലാഹുവിനെയും അവന്റെ ദൂതനെയും ശല്യപ്പെടുത്തുന്നവർ(വരെ)

لَعَنَهُمُ اللَّهُ فِي الدُّنْيَا وَالْآخِرَةِ = ഇഹത്തിലും പരത്തിലും അല്ലാഹു അവരെ ശപിച്ചു (അഭിശപ്തരാക്കിയിരിക്കുന്നു)

وَأَعَدَّ لَهُمْ = അവർക്ക് ഒരുക്കി (വെച്ചിട്ടുമുണ്ട്) عَذَابًا مُّهِينًا = അപമാനകരമായ ശിക്ഷ

പ്രവാചകനെ ശല്യം ചെയ്യുന്നത് സത്യവിശ്വാസികൾക്കു ചേർന്നതല്ലെന്നും അല്ലാഹു അതിനെ പരിഗണിക്കുന്നത് ഗുരുതരമായ കുറ്റമായിട്ടാണെന്നും 53-ാം സൂക്തത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ കുറ്റത്തിന്റെയും അതിന്റെ പ്രത്യാഘാതത്തിന്റെയും ഗൗരവം ഒന്നുകൂടി മുഴപ്പിച്ചു പറയുകയാണീ സൂക്തം. ദൈവദൂതനെ ദ്രോഹിക്കുകയെന്നാൽ അല്ലാഹുവിനെത്തന്നെ ദ്രോഹിക്കുകയാണ്. സൃഷ്ടികൾക്ക് അല്ലാഹുവിനെ ദ്രോഹിക്കാനാവില്ല എന്നതും ആരുടെയും ദ്രോഹപ്രവർത്തനം അവനെ അശേഷം ബാധിക്കുകയില്ല എന്നതും അനിഷേധ്യമായ യാഥാർഥ്യമാകുന്നു. പക്ഷേ അല്ലാഹുവിന്റെ ദൂതനു നേരെയുള്ള ദ്രോഹനടപടികൾ അദ്ദേഹത്തെ ബാധിക്കും. ദൈവദൂതൻ ദൈവത്തിന്റെ സ്നേഹഭാജനമാണ്, ഭൂമിയിൽ അവൻ നിയോഗിച്ച പ്രതിനിധിയാണ്. അവൻ ചുമതലപ്പെടുത്തിയ ദൗത്യമാണ് അദ്ദേഹം നിർവഹിച്ചുകൊണ്ടിരിക്കുന്നത്. അല്ലാഹു അദ്ദേഹത്തെ നിരന്തരം അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു. മലക്കുകൾ അദ്ദേഹത്തിന്റെ രക്ഷക്കും വിജയത്തിനും വേണ്ടി പ്രാർഥിച്ചുകൊണ്ടിരിക്കുന്നു. ഈ മഹാ വ്യക്തിത്വത്തിനെതിരെയുണ്ടാകുന്ന ദ്രോഹ നടപടികൾ അദ്ദേഹത്തെ ബാധിക്കുന്നതിനപ്പുറം അല്ലാഹുവിനെ ദ്രോഹിക്കാനുള്ള ശ്രമമാകുന്നു; അവനെ അതൊട്ടും ഏശുന്നില്ലെങ്കിലും. അത്തരം ശ്രമം നടത്തുന്നവർ ഈ ലോകത്തും പരലോകത്തും അതിന്റെ തിക്തഫലം അനുഭവിക്കേണ്ടിവരും. നിന്ദിതരും നികൃഷ്ടരുമായി മുദ്രകുത്തപ്പെടുകയാണ് ഈ ലോകത്ത് അനുഭവിക്കേണ്ടിവരുന്ന തിക്തഫലം. പരലോകത്താകട്ടെ നിന്ദ്യതയോടൊപ്പം നിത്യനരകവും അനുഭവിക്കേണ്ടിവരും. അല്ലാഹുവിന്റെ നടപടിക്രമത്തിൽ -സുന്നത്തിൽ- പെട്ടതാണത്. ദൈവിക സൂക്തങ്ങളുടെ നിഷേധവും പ്രവാചകഹത്യയും കാരണം ഇസ്രാഈല്യരിൽ നിന്ദ്യതയും പതിത്വവും മുദ്രിതമായതായി 2:61-ൽ പ്രസ്താവിച്ചിരിക്കുന്നു. വരുന്ന 60,61 സൂക്തങ്ങളിൽ ഇക്കാര്യം കൂടുതൽ വിശദമാക്കുന്നുണ്ട്. ●